# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 501
## 29/06/2015- ലെ മറുപടിക്ക്

## ധനകാര്യ അനുമതിയും ഭരണാനുമതിയും

| ചോദ്യം<br>ശ്രീ.പി. ഉബൈദുള്ള | ഉത്തരം<br>ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ വിവിധ പ്രൊജക്ടുകൾക്കും എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടുകൾക്കും ധനകാര്യ അനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇതുമൂലമുള്ള പ്രതിസന്ധികൾ പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;<br>(സി) ധനകാര്യ വകുപ്പ് നോഡൽ സെല്ലിലും മറ്റും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | എം.എൽ.എ മാരുടെ നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളും പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചു കൊണ്ട് 28.12.2012 ലെ സർക്കുലർ നം. 73/2012/ധന പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പ് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത പത്ത് ദിവസത്തിനുള്ളിൽ തന്നെ ഭരണാനുമതി നൽകണമെന്ന് ടി സർക്കുലറിൽ നിർദ്ദേശിക്കുന്നു. കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനാനുമതി ത്വരിതപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികളുടെ ഭാഗമായി ധനകാര്യ (നോഡൽ-സി) വകുപ്പിന് രൂപം നൽകിയിട്ടുണ്ട്. ഭാവിയിൽ ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണ്. |

Sreekumar AK

**സെക്ഷൻ ഓഫീസർ**